LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യോഗ്യരായവരെ ഫെസിലിറ്റേറ്റർമാരായി നിയമിക്കുന്നതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന കാര്യത്തിലുള്ള പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ ഒരുക്കി വിദ്യാർത്ഥികളെ പഠനത്തിൽ മുഖ്യധാരയിൽ എത്തിക്കുക, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നൽകി അവരെ പഠനത്തിൽ മുന്നിൽ എത്തിക്കുക എന്നിവയാണ് സാമൂഹ്യ പഠനമുറി പദ്ധതിയിലൂടെ പ്രധാനമായി ലക്ഷ്യമിടുന്നത്. വിവിധ ജില്ലകളിലായി 2019-20, 2020-21 വർഷങ്ങളിലായി ആകെ 250 സാമൂഹ്യ പഠനമുറികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പുതുതായി 125 സാമൂഹ്യ പഠനമുറികൾ കൂടി സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി ക്ഷേമ വകുപ്പ് മലമ്പുഴയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

80(386) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികജാതി ക്ഷേമ വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(എ&ബി) വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ആദിവാസി പുനരധിവാസ മിഷൻ

81(387) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദിവാസി പുനരധിവാസ മിഷൻ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാം?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.